സുപ്രഭാതം
16 July 2022

# സി.എം.എഫ്. ആർ.ഐക്ക് ദേശീയ അംഗീകാരം

കൊച്ചി • ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐ.സി.എ.ആർ) രണ്ട് ദേശീയ പുരസ്കാരങ്ങൾ സ്വന്തമാക്കി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ). മികച്ച വാർഷിക റിപ്പോർട്ടിനുള്ള പുരസ്കാരവും മികച്ച ഡോക്ടറൽ ഗവേഷണ പ്രബന്ധത്തിനുള്ള ജവഹർലാൽ നെഹ്റു പുരസ്കാരവുമാണ് സി.എം.എഫ്.ആർ.ഐക്ക് ലഭിച്ചത്.

2020ലെ സി.എം.എഫ്.ആർ.ഐയുടെ ഗവേഷണപ്രവർത്തനങ്ങളെ അടസ്ഥാനമാക്കി പ്രസിദ്ധീകരിച്ച വാർഷിക റിപ്പോർട്ടിനാണ് പുരസ്കാരം. സി.എം.എഫ്.ആർ.ഐയിലെ പി.എച്ച്.ഡി ഗവേഷക ഡോ. എം അനുശ്രീയാണ് മികച്ച ഡോക്ടറൽ ഗവേഷണ പ്രബന്ധത്തിനുള്ള പുരസ്കാരം നേടിയത്. കടൽപായലിൽനിന്നു വേർതിരിച്ചെടുക്കുന്ന ജൈവസംയുക്തങ്ങളുടെ ഔഷധമൂല്യങ്ങളുമായി ബന്ധപ്പെട്ട പ്രബന്ധമാണ് അനുശ്രീയെ പുരസ്കാരത്തിന് അർഹയാക്കിയത്. അമ്പതിനായിരം രൂപയും പ്രശസ്തിപത്രവും വെള്ളിമെഡലുമടങ്ങുന്നതാണ് പുരസ്കാരം.